# ഉയിർപ്പുകാലം

## വചന വിചിന്തനം

### ഉയിർപ്പുകാലം രണ്ടാം ഞായർ

യോഹ 20,19-31

**മുറിപ്പാടുകൾ വീണ കരങ്ങളും പാർശ്വങ്ങളും കാണിച്ച് താൻ ഇപ്പോഴും ജീവിക്കുന്നുവെന്ന് ശിഷ്യൻമാർക്ക് വെളിപ്പെടുത്തിയ ദിനമാണ് പുതുഞ്ഞായർ!**

ആഴ്ചയുടെ ആദ്യദിവസം വൈകിട്ട് ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, കർത്താവ് വന്ന് അവരുടെ മധ്യേ നിന്ന് "നിങ്ങൾക്കു സമാധാനം!" എന്നു പറഞ്ഞ് തന്റെ ശിഷ്യൻമാർക്ക് തന്നെതന്നെ വെളിപ്പെടുത്തിയ ദിനമാണ് പുതുഞായർ. മർത്തോമ ക്രിസ്ത്യാനികളായ സുറിയാനികത്തോലിക്കരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വിശ്വാസത്തിന്റെ ആധാരവും കേന്ദ്രവുമായ "എൻെറ കർത്താവേ, എൻെറ ദൈവമേ!" എന്നു പറഞ്ഞു "മിശിഹാവിജ്ഞാനിയം" ഈ ലോകത്തിന് സമ്മാനിച്ച മാർത്തോമ ശ്ലീഹായുടെ തിരുനാളുകൂടിയാണ് പുതുഞ്ഞായർ. വചനഭാഗത്തിന്റെ ഉൾക്കാമ്പും ഇത് തന്നെയാണ്.

> സമാധാനം സ്വന്തമാക്കുന്നവർ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!"

ക്രിസ്തു തൻെറ കൈകളും പാർശ്വവും ശിഷ്യൻമാരെ കാണിച്ചുകൊണ്ട് അവരോടു പറഞ്ഞു: "നിങ്ങൾക്കു സമാധാനം!" ഉത്ഥിതനായ ക്രിസ്തുവിന് അന്നും ഇന്നും എന്നും സമ്മാനിക്കാനുള്ളത് 'പിതാവായ ദൈവത്തിന്റെ സമാധാനം' മാത്രമാണ്. എങ്ങനെയാണ് ഈ സമാധാനത്തിന് ഉടമകളാവുക എന്നുചോദിച്ചാൽ അതിന് ഒറ്റ ഉത്തരം മാത്രമെയൊള്ളു; "കുരിശിൽ മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുവേണ്ടി ബലിയായ് തീർന്ന ക്രിസ്തുവിനെ നാഥനും രക്ഷകനുമായി സ്വീകരിക്കുക. അതുവഴിയായ്, അവൻ പങ്കുവയ്ക്കുന്ന രക്ഷയ്ക്ക് ഉടമകളാവുക." ഇതിന് സാധിക്കുന്നുണ്ടെങ്കിൽ ഉറപ്പാണ് ക്രിസ്തു സമ്മാനിക്കുന്ന സമാധാനം നമ്മുക്കും സ്വന്തമാക്കാൻ സാധിക്കും.

കുമ്പസാരക്കൂടുകളിൽ 40 വയസിനുമുകളിൽ കുമ്പസാരിക്കാൻ വരുന്നവരിൽ ഏറ്റവും അധികം കേൾക്കുന്നത് പാപങ്ങളെക്കാൾ, "അച്ചാ, വീട്ടിൽ ഒരു സമാധാനവുമില്ല... അതുകൊണ്ട് ഒരു സുഖവുമില്ല... അച്ചൻ പ്രാർത്ഥിക്കണം..." എന്നുള്ളതാണ്. ഇന്ന് സമാധാനും സന്തോഷവും നമ്മിൽ നിന്നും നമ്മുടെ കുടുംബങ്ങളിൽ നിന്നും അന്യം നിൽക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം, ക്രിസ്തു മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനായ് കുരിശിലൂടെ സമ്മാനിച്ച രക്ഷ സ്വന്തമാക്കാൻ നമുക്ക് സാധിക്കാത്തതുകൊണ്ടാണ്. എങ്കിൽ, ആത്മാർത്ഥമായ പ്രാർത്ഥനയും പ്രവർത്തനവും അധികമായി വേണ്ടത് കുരിശിലൂടെ ബലിയർപ്പിച്ച് രക്ഷ സമ്മാനിച്ച ക്രിസ്തുവിനെ സ്വന്തമാക്കുന്നതിനും അതുവഴിയായ് സമാധാനത്തിന്റെ വാഹകരാകുന്നതിനും വേണ്ടിയായിരിക്കണം.

സുവിശേഷ ഭാഗ്യങ്ങളിലൂടെ ക്രിസ്തു തന്റെ ജനത്തെ പഠിപ്പിക്കുന്നത് ഇപ്രകാരമാണ്;

"സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻ മാരെന്നു വിളിക്കപ്പെടും..." (മത്താ 5,9).

"നിങ്ങൾക്കു സമാധാനം..." എന്ന് പറഞ്ഞ് ക്രിസ്തു തന്റെ തുളയ്ക്കപ്പെട്ട കരങ്ങളും തകർക്കപ്പെട്ട പാർശ്വവും കാണിക്കുമ്പോൾ തിരിച്ചറിയേണ്ട വലിയ കാര്യം ഈ ഭൂമിയിൽ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി തുളയ്ക്കപ്പെട്ട കരങ്ങളും തകർക്കപ്പെട്ട പാശ്വ

വുമാണ് അവൻ കാണിക്കുന്നത്. എങ്കിൽ, ക്രിസ്തു പഠിപ്പക്കുന്ന, “സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻ മാരെന്നു വിളിക്കപ്പെടും,” സുവിശേഷഭാഗ്യത്തിന് ആദ്യ അവകാശി ക്രിസ്തു തന്നെയാണ്. രണ്ടാമത്തെ ക്രിസ്തു എന്നു വിളക്കപ്പെടുന്ന വി.ഫ്രാൻസീസ് അസ്സീസി പഠിപ്പിച്ച വലിയ പ്രാർത്ഥന ഇത് തന്നെയാണ്; “സമാധാനമില്ലത്തിടത്ത് സമാധാനം വിതയ്ക്കാൻ” ഞങ്ങളെ പഠിപ്പിക്കണമേയെന്ന്.

തുളയ്ക്കപ്പെട്ട കൈകളും തകർക്കപ്പെട്ട പാർശ്വവും കാണിച്ചുകൊണ്ട് ശിഷ്യൻമാരോട് പറഞ്ഞു: “നിങ്ങൾക്കു സമാധാനം!” ഇതിനുശേഷം ക്രിസ്തു തന്റെ ശിഷ്യരുടെ ദൗത്യം വ്യക്തമാക്കുകയാണ്. “നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ...” എന്നു പറഞ്ഞ് ശിഷ്യൻമാരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു;

“പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു... നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും” (യോഹ 20,23).

പാപങ്ങൾ ക്ഷമിക്കാനും ബന്ധിക്കാനുമുള്ള അധികാരം നൽകി ക്രിസ്തു തന്റെ ശിഷ്യൻമാരെ അയക്കുന്നത് പിതാവായ ദൈവത്തിന്റെ സമാധാനം ഈ ലോകത്ത് വ്യാപിപ്പിക്കുന്നതിനുവേണ്ടിയാണ്. ക്രിസ്തു തിരിച്ചറിഞ്ഞിരുന്നു; “പാപങ്ങൾ ക്ഷമിക്കുന്നതിലൂടെയും, പാപങ്ങൾ ബന്ധിക്കുന്നതിലൂടെയും സംജാതമാകുന്നത് സമാധാനമാണെന്ന്.” അതുകൊണ്ട് മാത്രമാണ് പാപങ്ങൾ ബന്ധിക്കാനും ക്ഷമിക്കാനുമുള്ള അധികാരം നൽകി ക്രിസ്തു തന്റെ ശിഷ്യൻമാരെ ഈ ലോകത്തിലോയ്ക്ക് അയ്ക്കുന്നത്. എങ്കിൽ, ഒന്നുറപ്പാണ്, “കുരിശുമരണത്തിലൂടെ ക്രിസ്തു ഈ ലോകത്തിനുവേണ്ടി സ്വന്തമാക്കിയ രക്ഷയും സമാധാനവും അവോളം അനുഭവിക്കണമെങ്കിൽ പാപങ്ങൾ ക്ഷമിക്കാനും ബന്ധിക്കാനും സാധിക്കണം.” എന്റെ പാപങ്ങളുടെ കറകൾ സമാധാനം സ്ഥാപിക്കുന്നതിനും സാമാധാനം സ്വന്തമാക്കുന്നതിനും തടസ്സമാണ്.

മർക്കോ 9:50
“പരസ്പരം
സമാധാനത്തിൽ
വർത്തിക്കുകയും
ചെയ്യുവിൻ...”

പുതുഞായറിലെ വലിയ തിരുനാൾ വിശ്വാസത്തിന്റെ വഴിത്താരയിൽ സുറിയാനി കത്തോലിക്കർക്ക് വലിയ മാർഗ്ഗദീപമായ തോമശ്ലീഹായുടെ തിരുനാൾ തന്നെയാണ്. “എൻെറ കർത്താവേ, എൻെറ ദൈവമേ!” എന്നു പറഞ്ഞു “മിശിഹാവിജ്ഞാനിയം” ഈ ലോകത്തിന് സമ്മാനിച്ച വലിയ ശിഷ്യനാണ് മാർത്തോമ ശ്ലീഹാ. “എൻെറ കർത്താവേ, എൻെറ ദൈവമേ!” എന്നുള്ളത് ഒരു നിലവിളിയാണ്. കയത്തിലോയ്ക്ക് മുങ്ങിതാഴുന്നവൻ, ഇനി ദൈവത്തിനുമാത്രമാണ് എന്റെ ജീവിതത്തെ രക്ഷിക്കാനും പരിപാലിക്കാനും സാധിക്കു എന്ന് തിരിച്ചറിയുമ്പോൾ അവന്റെ കണ്ഠങ്ങളിൽ നിന്ന് ഉതിരുന്ന നിലവിളിയാണ് “എൻെറ കർത്താവേ... എൻെറ ദൈവമേ...” എന്നുള്ളത്. സകല പ്രത്യാശയും നശിക്കുമ്പോൾ ഇനിയുള്ള പ്രത്യാശ ദൈവത്തിൽ മാത്രമാണ് എന്ന് വിളിച്ചുപറയുന്നതാണിത്. എന്നാൽ, തോമശ്ലീഹായുടെ നിലവിളി ആശ്രയമറ്റവന്റെ നിലവിളിയല്ല. മറിച്ച്, ദൈവത്തിലുള്ള ആശ്രയബോദ്ധത്തിന്റെയും സമർപ്പമത്തിന്റെയും നിലവിളിയാണത്.

“എൻെറ കർത്താവേ, എൻെറ ദൈവമേ!” എന്നു പറഞ്ഞ് നിലവിളിക്കുന്നവൻ തന്റെ വിശ്വാസത്തെ പരസ്യമായി പ്രഖ്യാപിക്കുക കൂടിയാണ് ചെയ്യുന്നത്. തുളയ്ക്കപ്പെട്ട കരങ്ങളും തകർക്കപ്പെട്ട പാർശ്വവും കാണിച്ച് തോമസിനുമുന്നിൽ ക്രിസ്തു നിൽക്കുമ്പോൾ അവനെ ഇളിമ്പനാവുകയാണ് ചെയ്യുന്നത്. വിശ്വസത്തിന്റെ കുറവിനാൽ ക്രിസ്തുവിന്റെ ഉത്ഥാനത്തെ സംശയിക്കുന്ന തോമസ് മറ്റുശിഷ്യമാരുടെ മുന്നിൽ വട്ടപൂജ്യമായി മാറ്റപ്പെടുന്നു. എന്നിട്ടും, ശ്ലീഹ അതിൽ നിരാശപ്പെടുന്നില്ല. മറിച്ച്, തന്റെ വിശ്വാസത്തെ പരസ്യമായി “എൻെറ കർത്താവേ, എൻെറ ദൈവമേ!” എന്നു പറഞ്ഞ് പ്രഖ്യാപിക്കുന്നു. ഇതു നൽകുന്ന വലിയ ചിന്ത; ‘നിന്റെ വിശ്വാസത്തെ പരസ്യമായി പ്രഖ്യാപിക്കാൻ ലഭിക്കുന്ന അവസരങ്ങൾ നീ ഉപയോഗിക്കാറുണ്ടോ?’

എല്ലാവരെയും അദ്ഭുതപ്പെടുത്തി “പുഞ്ചിരിച്ചു മരണം വരിക്കുന്ന” അർജന്റീനക്കാരിയായ സിസ്റ്റർ സിസിലിയ. 2016 ജൂലൈ 28 –ാം തിയ്യതിയിൽ സോഷ്യൽ

മീഡിയ ഏറ്റെടുത്ത വാർത്തയാണിത്. മരണംപോലും ക്രിസ്തുവിനുള്ള സാക്ഷ്യമാണെന്നാണ് പുഞ്ചിരിച്ചുകൊണ്ട് മരണം വരിച്ച അർജന്റീനക്കാരിയായ സിസ്റ്റർ സിസിലിയ കുറിക്കുന്നത്. മരണം മറ്റൊരു ജീവിതത്തിന്റെ തുടക്കമാണെങ്കിൽ അതിനെ സ്വീകരിക്കേണ്ടതു സന്തോഷത്തോടെയാകണം. എന്നാൽ, എല്ലാവർക്കും അങ്ങനെ ചിരിച്ചുകൊണ്ട് ഈ ലോകത്തോടു വിടപറയാനാവില്ല. പക്ഷേ, അർജന്റീനക്കാരിയായ സിസ്റ്റർ സിസിലിയ എല്ലാവരെയും അദ്ഭുതപ്പെടുത്തുന്നത്, "ശരിക്കും ചിരിച്ചുകൊണ്ടുതന്നെ അവർ മരണത്തെ പുൽകി" എന്നുള്ളതിലാണ്. മനോഹരമായി ചിരിക്കുന്ന മുഖത്തോടെ മരിച്ചുകിടക്കുന്ന സിസ്റ്ററിന്റെ ചിത്രം സോഷ്യൽ മീഡിയയിൽ വൈറലാണ്.

ശ്വാസകോശാർബുദം മൂലം ഏറെ ക്ലേശിച്ചിരു സിസ്റ്റർ സിസിലിയ എപ്പോഴും സന്തോഷവതിയായിരുന്നു. അർജന്റീനയിലെ "കാർമൽ ഓഫ് സാന്താ ഫേ" സന്യാസസമൂഹത്തിലെ അംഗമാണു സിസ്റ്റർ സിസിലിയ. സിസ്റ്ററിന്റെ മരണം സംബന്ധിച്ചു കാർമൽ സന്യാസസമൂഹം പുറത്തുവിട്ട ചരമ അറിയിപ്പ് അതിലും ഹൃദ്യമായി. "അതികഠിനമായ വേദനകൾക്കൊടുവിൽ സമാധാനത്തോടെ നമ്മുടെ പ്രിയപ്പെട്ട കുഞ്ഞ് സിസ്റ്റർ അതീവ സന്തോഷവതിയായി നാഥന്റെ കൈകളിൽ ഗാഢനിദ്രയിൽ അമർന്നു. അവൾ നേരിട്ടു സ്വർഗം പൂകിയെന്നു ഞങ്ങൾക്കുറപ്പുണ്ടെങ്കിലും അവൾക്കുവേണ്ടിയുള്ള പ്രാർഥന മുടക്കരുത്." കുറിപ്പിനൊപ്പം പുറത്തുവിട്ട ചിത്രങ്ങളും പതിനായിരം വാക്കുകളെക്കാൾ വാചാലമാണ്. വേദനകളെ പുഞ്ചിരിയോടെ സ്വീകരിക്കുന്ന സിസ്റ്റർ സിസിലിയ മരമത്തിന്റെ മഹത്വം പുഞ്ചിരിയിലൂടെ ഈ ലോകത്തിന് വെളിപ്പെടുത്തുകയായിരുന്നു. അതു സോഷ്യൽ മീഡിയകൾ ഏറ്റെടുക്കുകയും ചെയ്തു.

"മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോവുക; വ്യാധിയിൽനിന്നു വിമുക്തയായിരിക്കുക." വിശ്വാസം സമാധാനത്തിലേയ്ക്കും സമാധാനം സൗഖ്യത്തിനും കാരണമാകുന്നു...

ഫ്രാൻസിസ് മാർപാപ്പ പോലും സിസ്റ്ററിനെ കുറിച്ചു കൂടുതൽ അറിയാൻ താത്പര്യം പ്രകടിപ്പിച്ചു. കടുത്ത വേദന അനുഭവിക്കുമ്പോഴും സന്തോഷം കൈവിടാൻ അവർ ഒട്ടും തയാറായിരുന്നില്ല. വേദനയെ പ്രാർഥനയായി തിരുസിധിയിൽ അർപ്പിച്ചുകൊണ്ട് ആന്തരിക ദൈവാനുഭവം ആസ്വദിക്കുകയായിരുന്നു സിസ്റ്റർ. നോക്കുക, മരണം പോലും ക്രിസ്തുവിന്റെ സാക്ഷ്യമാക്കി അവൾ മാറ്റുകയാണ്. മറ്റു ശിഷ്യമാരുടെ മുമ്പിൾ വട്ടപൂജ്യനായ് നിൽക്കുന്ന ശ്ലീഹ "എന്റെ കർത്താവേ, എന്റെ ദൈവമേ!" എന്നു പറഞ്ഞ് തന്റെ വിശ്വാസത്തെ പ്രഘോഷിക്കുന്നുണ്ടെങ്കിൽ ഒന്നുറപ്പാണ് "ക്രിസ്തുവിജ്ഞാനിയത്തിന്റെ" പൊരുൾ മാത്രമല്ല അവൻ പങ്കുവയ്ക്കുന്നത്. മറിച്ച്, ഏതു സാഹചര്യത്തിലും ദൈവത്തിന് സാക്ഷ്യം നൽകണം എന്നുള്ള തിരിച്ചറിവുകൂടെയാണ്.

"എന്റെ കർത്താവേ, എന്റെ ദൈവമേ!" എന്നു വിളിച്ച പറഞ്ഞവൻ താൻ പ്രഘോഷിച്ച വിശ്വാസത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ തയ്യാറായി. ശ്ലീഹൻമാരിൽ വച്ച് ഏറ്റവും അധികം ദൂരം പോയി വചനം പ്രസംഗിക്കുകയും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും, അവന്റെ നാമത്തിൽ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്ത വലിയ ശ്ലീഹയാണ് മാർതോമശ്ലീഹ. അവന്റെ പിതൃത്വം സ്വന്തമാക്കിയിട്ടുള്ള നമ്മുടെയും ജീവിതദൗത്യം ഇത് തന്നെയാണ്, "വചനത്തിന് സാക്ഷ്യം നൽകുക... ക്രിസ്തുവിനെ ഈ ലോകത്തിന് പരിചയപ്പെടുത്തുക... അവന്റെ സമാധാനത്താൽ ഈ ലോകം നിറയ്ക്കുക..."

**"നിങ്ങൾ ആ ഭവനത്തിൽ പ്രവേശിക്കുമ്പോൾ അതിനു സമാധാനം ആശംസിക്കണം."**

മത്താ 10,12

ഫാ. ജോബി മേനോത്ത്
+91 9447777931